TB Weekly Movie Review
**#moviepanel**

ജോൺ ലൂഥർ:

Written By : Lijo Rachel George

മലയാള ക്രൈം ത്രില്ലർ സിനിമകളുടെ നിരയിലേക്ക് ഏറ്റവും ഒടുവിലായി കൂട്ടി ചേർക്കപ്പെട്ട ചലച്ചിത്രമാണ്,അഭിജിത്ത് ജോസഫിന്റെ പ്രഥമ സംവിധായക സംരംഭമായ, 'ജോൺ ലൂഥർ.'

ജോൺ ലൂതർ എന്ന പോലീസ് ഉദ്യോഗസ്ഥന്റെ ജീവിതത്തിലെ കുറച്ചു ഭാഗങ്ങളാണ് ഈ സിനിമ നമുക്ക് മുൻപിൽ തുറന്നു വെയ്ക്കുന്നത്.ജോൺ ലൂതർ എന്ന ടൈറ്റിൽ റോൾ അവതരിപ്പിക്കുന്നത് നടൻ ജയസൂര്യയാണ്. 'മുംബൈ പോലീസി'നു ശേഷം ജയസൂര്യ അവതരിപ്പിക്കുന്ന പോലീസ് വേഷവും കൂടിയാണ്, ഇതിലെ കേന്ദ്ര കഥാപാത്രമായ ജോൺ.

ജോണിന്റെ സ്റ്റേഷൻ പരിധിയിൽ നടക്കുന്ന ഒരു റോഡ് അപകടത്തെ തുടർന്നു അരങ്ങേറുന്ന ചില ദുരൂഹതകൾക്ക് പിന്നിലെ ചുരുളഴിക്കുന്നതിനായി ജോണും ടീമും നിയോഗിക്കപ്പെടുന്നതും, ആ കുറ്റാന്വേഷണത്തിന്റെ നാൾവഴികളിൽ അരങ്ങേറുന്ന വിചിത്രമായ ചില സംഭവ വികാസങ്ങളും എല്ലാം കൂടി ചേരുന്നതാണ് ഈ സിനിമയുടെ ഇതിവൃത്തം.

അഭിജിത്ത് ജോസഫ്, തന്നെ, കഥയും തിരക്കഥാ രചനയും നിർവഹിച്ച ചിത്രത്തിന്റെ നിർമാതാവ്,തോമസ് പി മാത്യു ആണ്.പ്രവീൺ പ്രഭാകർ എഡിറ്റിങ്ങും റോബി വർഗീസ് രാജ് ഛായഗ്രഹണവും നിർവഹിച്ചിരിക്കുന്ന ചിത്രത്തിന്റെ വസ്ത്രാലങ്കാരം ഒരുക്കിയിരിക്കുന്നത് സമീറ സനീഷും സരിത ജയസൂര്യയും ചേർന്നാണ്.

ഒരു ത്രില്ലർ സിനിമ പ്രേക്ഷകന് നല്കേണ്ടുന്നതായ, ഉദ്വേഗജനകമായ മുഹൂർത്തങ്ങളും വേഗതയും, ആ ഒരു മൂഡിന്, തികച്ചും അനുയോജ്യമായ ബിജിഎമ്മും പശ്ചാത്തലവും കുറ്റമറ്റ രീതിയിൽ കൃത്യമായി കൂട്ടി യോജിപ്പിച്ചതാണ് സിനിമയുടെ ഫസ്റ്റ് ഹാഫ് മേക്കിങ്.സിനിമയ്ക്ക് ഒരു ത്രില്ലർ മൂഡ് നല്കുന്നതിൽ പ്രധാന പങ്ക് വഹിയ്ക്കുന്ന ബിജിഎമ്മും മ്യൂസിക്കും ഒരുക്കിയിരിക്കുന്നത്ബ് ഷാൻ റഹ്മാനാണ്.ഇടുക്കിയിലെ മഞ്ഞു മൂടിയ മലനിരകളുടെ കാഴ്ചയും ഈ ഒരു മൂഡിന് പകിട്ടേകുന്നത് മാത്രമല്ല കാഴ്ചക്കാർക്ക് നല്ലൊരു ദൃശ്യാനുഭവവും പകർന്നു നല്കുന്നു.

ഇടവേളയ്ക്ക് ശേഷമുള്ള ഭാഗങ്ങളിൽ ചെറിയ രീതിയിൽ ലോജിക് ഇല്ലായ്മ അനുഭവപ്പെട്ടു. അതൊഴിച്ചാൽ, രണ്ടാം പകുതിയിൽ, ആദ്യ ഭാഗത്തിന്റെ അത്രയും, പ്രകമ്പനം കൊള്ളിക്കുന്നതായ ഒരു ഫീൽ,അനുഭവപ്പെടുന്നില്ലെങ്കിലും, മേക്കിങ്ങിന്റെ കാര്യത്തിൽ രണ്ടാം പകുതിയും നന്നായി തന്നെയാണ് അനുഭവപ്പെട്ടത്. പ്രതീക്ഷിക്കാത്ത രംഗങ്ങളും കുറ്റാന്വേഷണത്തിലെ വേറിട്ട വഴികളും ഒക്കെയായി ഒരു 'നല്ലൊരു ത്രില്ലർ' എന്ന ശ്രേണിയിൽ പെടുത്താവുന്ന ഒന്നാണ് ഈ ചിത്രം.

കേന്ദ്ര കഥാപാത്രത്തിന്റെ കുടുംബാംഗങ്ങളെയും കുടുംബജീവിതത്തെയും പറ്റി സിനിമ പറയുന്നുണ്ടെങ്കിലും, ജോലിയോടുള്ള ജോണി നിന്റെ ആത്മാർത്ഥത വെളിവാക്കുന്നതിനപ്പുറം ആ രംഗങ്ങൾക്ക് കഥയിൽ യാതൊരു പ്രസക്തിയുമില്ല. എന്നാൽ സിനിമയ്ക്കും പ്രേക്ഷകർക്കും ഒരു പോസിറ്റിവിറ്റി പകർന്നു നല്കുന്നതിൽ സിദ്ധിക്കിലെ അച്ഛനും ജോണിനും ആത്മീയ അവതരിപ്പിച്ച ജോണിന്റെ ഭാര്യ കഥാപാത്രത്തിനും കഴിയുന്നുമുണ്ട്.

പതിവ് കുറ്റാന്വേഷണ സിനിമകളിലോ സംഘടന രംഗങ്ങൾ ഉൾപ്പെടുന്ന സിനിമകളിലോ കാണപ്പെടുന്നത് പോലെ, ഫൈറ്റ് രംഗങ്ങളിൽ നായകനെ,അമാനുഷികനോ അതിമാനുഷികനോ ആക്കുന്ന തരം സംഘടന രംഗങ്ങൾ ചിത്രത്തിലില്ല എന്നുള്ളതാണ് ജോൺ ലൂതറിന്റെ മറ്റൊരു പ്രത്യേകത.

സിനിമയിൽ ജോണും രണ്ടു പോലീസുകാർക്കും ലഭിക്കുന്ന അത്രയും സ്ക്രീൻ സ്പേസ് ലഭിച്ച അഭിനേതാക്കളും കുറവാണ്. ദീപക് പരമ്പോൾ,ശിവദാസ് കണ്ണൂർ, പ്രമോദ് വെളിയനാട് തുടങ്ങിയവരാണ് മറ്റു പ്രധാന അഭിനേതാക്കൾ.തീരെ കുറച്ചു രംഗങ്ങൾ മാത്രമേ ഉള്ളൂവെങ്കിലും ശ്രദ്ധിക്കപ്പെട്ട ഒരു വേഷമാണ് സിദ്ധിക്കിന്റെ അച്ഛൻ കഥാപാത്രം, എന്നിരുന്നാലും ടൈപ്പ് കാസ്റ്റ് റോളുമാണ്. സ്ത്രീ കഥാപാത്രങ്ങൾക്ക് കാര്യമായി ഒന്നും ചെയ്യാനില്ലാത്ത തരത്തിലുള്ള തിരക്കഥയാണ് ഈ സിനിമയുടേത്.ശ്രീലക്ഷ്മി, ആത്മീയ രാജൻ, ദൃശ്യ രഘുനാഥ് എന്നിവരാണ് പ്രധാന സ്ത്രീ കഥാപാത്രങ്ങൾ.

സിനിമയിൽ എടുത്തു പറയേണ്ടുന്ന സംഗതി, ജയസൂര്യ അവതരിപ്പിച്ച ജോൺ ലൂഥറിനെ പറ്റിയും, ജയസൂര്യ എന്ന നടന്റെ സ്ക്രിപ്റ്റ് സെലക്ഷനെ പറ്റിയുമാണ്.1995 ഇൽ ചെറിയ റോളുകൾ ചെയ്തു സിനിമയിൽ നിന്നിരുന്ന ജയസൂര്യ, 2002 ഇൽ ആദ്യമായി നായകനായി അഭിനയിച്ചു.റൊമാന്റിക് ഹീറോ ആയി വന്നതന്നെ കൊണ്ടാവും, കരിയറിന്റെ തുടക്കത്തിലെ,3-4 വർഷങ്ങളോളം റൊമാന്റിക് ഹീറോ വേഷങ്ങളിൽ തന്നെയാണ് അഭിനയിച്ചതെങ്കിലും, പിന്നീടിങ്ങോട്ട്, ബസ് കണ്ടക്ടർ, ക്ലാസ്സ്മേറ്റ്സ്, അറബികഥ തുടങ്ങിയ സിനിമകളിലൂടെ വേറിട്ട ട്രാക്കിലേക്ക് മാറി പിന്നീട്, new gen സിനിമകളുടെ കാലത്ത്, കോക്ക്ടെയിൽ, ബ്യൂട്ടിഫുൾ എന്നിവയിലൂടെ ശ്രദ്ധിക്കപ്പെട്ടു തുടങ്ങിയ, ജയസൂര്യ എന്ന നടന്റെ, അഭിനയ ജീവിതം, ഇരുപതിന്റെ നിറവിൽ എത്തി നില്ക്കുമ്പോഴാണ്, ജോൺ ലൂതർ റിലീസ് ആകുന്നത്.TVM ലോഡ്ജ്, അപ്പോത്തിക്കരി,ലൂക്ക ചുപ്പി, ഈയോബിന്റെ പുസ്തകം, സുസു സുധി വാത്മീകം, ഞാൻ മേരിക്കുട്ടി, ആട്, തുടങ്ങിയ അദ്ദേഹത്തിന്റെ ചിത്രങ്ങൾ കണ്ടിട്ടുള്ളവർക്കറിയാം,സ്ക്രിപ്റ്റ് സെലക്ഷനിൽ വൈവിദ്ധ്യവും വ്യത്യസ്തവുമായ റോളുകൾ തിരഞ്ഞെടുക്കുന്നതിൽ അദ്ദേഹം എത്ര മാത്രം ശ്രദ്ധ കൊടുക്കുന്നു എന്നുള്ളത്. അതുപോലെ തന്നെ വെല്ലുവിളികൾ നിറഞ്ഞ കഥാപാത്രങ്ങൾ തിരഞ്ഞെടുക്കുന്നതിലും അത് ഭംഗിയായി അഭിനയിച്ചു ഫലിപ്പിക്കുന്നതിലും വിജയിക്കാറുള്ള ഒരു നടൻ കൂടിയാണ് അദ്ദേഹം.

ജോൺ ലൂഥർ എന്ന ഈ വേഷവും അദ്ദേഹത്തിന്റെ കയ്യിൽ ഭദ്രമായ ഒന്നായി തന്നെയാണ് അനുഭവപ്പെട്ടത്. ആദ്യ പകുതിയിൽ നിന്നും രണ്ടാം പകുതിയിലെ വെല്ലുവിളി നിറഞ്ഞ

കഥാസന്ദർഭത്തിലേയ്ക്കുള്ള ട്രാൻസിഷനും വളരെ നന്നായി തന്നെ കൈകാര്യം ചെയ്തിട്ടുണ്ട്.

അതുപോലെ തന്നെ ഒരു നായകന്റെ റോളും അഭിനയവും ഗംഭീരമാകുന്നത്, അതിനോട് കിട പിടിയ്ക്കാനുതകുന്ന ഒരു വില്ലൻ കഥാപാത്രവും അത് അവതരിപ്പിക്കുന്ന നടന്റെ അഭിനയവും കൂടി മനോഹരമാകുമ്പോഴാണ്. അത്തരത്തിൽ ഒരു സാധാരണക്കാരനിൽ നിന്നും സൈക്കോയായ കുറ്റവാളിയിലേയ്ക്കുള്ള വില്ലന്റെ ട്രാൻസിഷനും അഭിനയവും കൂടി എടുത്തു പറയേണ്ടതാണ്.

എന്തായാലും പ്രേക്ഷകരെ അവസാനം വരെ പിടിച്ചിരുത്താൻ കെല്പുള്ള ഒരു സൈക്കോ ത്രില്ലർ മൂവി തന്നെയാണ്,'ജോൺ ലൂഥർ'.തിയേറ്റർ എക്സ്പീരിയൻസിൽ കൂടുതൽ നല്ലൊരു അനുഭവമാകുന്ന ചലച്ചിത്രവും കൂടിയാണ് ഇത്.